**TIME: 12.30 PM** **DATE:19.05.2025**

# പ്രധാനവാർത്തകൾ

1. ഭേദചിന്തയില്ലാത്ത സമൂഹത്തെ സൃഷ്ടിച്ചാൽ മാത്രമേ നവകേരളം സാധ്യമാകൂവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃശ്ശൂരിൽ കലാ-സാംസ്കാരിക പ്രവർത്തകരുമായി സംവദിച്ച് മുഖ്യമന്ത്രി
2. കോഴിക്കോട് പുതിയ ബസ്സ്റ്റാൻറ് കെട്ടിടത്തിലെ തീപിടിത്തത്തിൽ ആരുടെയെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടായെങ്കിറേൽ കർശന നടപടിയെന്ന് മന്ത്രി എ കെ ശശീന്ദ്രൻ
3. -മീസൽസ്, റൂബെല്ല രോഗ നിവാരണത്തിനായി 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കാൻ രണ്ടാഴ്ചത്തെ ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കം.
4. -രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം ഈ മാസം 22ന് പ്രഖ്യാപിക്കും
5. സംസ്ഥാനത്ത് അഞ്ചുദിവസം അതിശക്തമായ മഴയ്ക്ക് സാധ്യത; കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത
6. -ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ ഉദ്ഘാടന പതിപ്പ് ഇന്ന് ദിയുവിലെ ഗോഗ്ല ബീച്ചിൽ ആരംഭിക്കും

&&&&&&&&&&&&&&&&&&

**മീസൽസ്**

RNU TVPM

മീസൽസ്, റൂബെല്ല രോഗങ്ങളുടെ നിവാരണം ലക്ഷ്യമിട്ട് 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ വാക്സിനേഷൻ സമ്പൂർണമാക്കുന്നതിനായുള്ള രണ്ടാഴ്ചത്തെ പ്രത്യേക ക്യാമ്പയിന് തുടക്കം. തിരുവനന്തപുരം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് പ്രത്യേക ക്യാമ്പയിൻ നടത്തുക. മറ്റ് 8 ജില്ലകളിൽ വാക്സിനേഷൻ കവറേജ് കുറഞ്ഞ പ്രദേശങ്ങളിൽ സ്ഥാപന തലത്തിലുള്ള ക്യാമ്പയിനാണ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി-തൃശ്ശൂർ-ഇൻട്രോ**

ഭേദചിന്തയില്ലാത്ത സമൂഹത്തെ സൃഷ്ടിച്ചാൽ മാത്രമേ നവകേരളം സാധ്യമാകൂവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.സമൂഹത്തിൽ നന്മ വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു. സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തൃശൂർ പുഴയ്ക്കലിൽ കലാ-സാംസ്കാരിക പ്രവർത്തകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

RNUTVPM

(ഹോൾഡ്, വോയ്സ്)

&&&&&&&&&&&&&&&&&&

**സിയാൽ 2.0**

കൊച്ചി വിമാനത്താവളത്തിലെ വിവിധ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതി ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.

യാത്രക്കാർക്ക് കൂടുതൽ സൗകര്യവും സൈബർ സുരക്ഷയിൽ ആധുനികവൽക്കരണവുമാണ് സിയാൽ നടപ്പിലാക്കുന്നത്.

&&&&&&&&&&&&&&&&&&

**കോഴിക്കോട് തീ-ഫോളോഅപ്- ഇൻട്രോ**

കോഴിക്കോട് പുതിയ ബസ് സ്റ്റാൻ്റ് കെട്ടിടത്തിൽ ഇന്നലെ വൈകിട്ടുണ്ടായ തീ പിടുത്തിൽ വിവിധ വകുപ്പുകൾ പരിശോധനകൾ തുടങ്ങി. സംഭവത്തിൽ കസബ പോലീസ് കേസെടുത്തു.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു

(വോയസ്)

&&&&&&&&&&&&&&&&&&

**കോഴിക്കോട്- എ കെ ശശീന്ദ്രൻ-ഇൻട്രോ**

കോഴിക്കോട് പുതിയ ബസ്സ്റ്റാൻറ് കെട്ടിടത്തിൽ ഉണ്ടായ തീപിടിത്തത്തെ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. ആരുടെയെങ്കിലും ഭാഗത്തുനിന്ന് വീഴ്ചയുണ്ടായെങ്കിൽ നടപടിയുണ്ടാകുമെന്നും മന്ത്രി കോഴിക്കോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

RIJU TVPM

## കോഴിക്കോട്- യുഡിഎഫ്- ബിജെപി

കോഴിക്കോട് തീപിടിത്തെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് യുഡിഎഫ് കൺവീനർ അടൂർ പ്രകാശ് എംപി ആവശ്യപ്പെട്ടു.

തീപിടിത്തം ഉണ്ടായ കോർപ്പറേഷൻ കെട്ടിടത്തിലും തൊട്ടടുത്ത പല കെട്ടിടങ്ങളിലും നിയമ ലംഘനം നടന്നതായി ബിജെപി സംസ്ഥാന വൈസ് പ്രസിഡൻറ് പി രഘുനാഥ് പറഞ്ഞു.

&&&&&&&&&&&&&&&&&&

## കെ എൻ ബാലഗോപാൽ

കൊട്ടാരക്കര ഡിപ്പോയിൽ നിന്ന് ആരംഭിക്കുന്ന പുതിയ സൂപ്പർ ഫാസ്റ്റ് സർവീസുകൾ ധനമന്ത്രി കെ എൻ ബാലഗോപാൽ ഇന്നലെ ഫ്ലാഗ് ഓഫ് ചെയ്തു. ഡിപ്പോയിലെ ഗ്യാരേജ് പുനർനിർമാണത്തിന് രണ്ടു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## അപകടം- ആലപ്പുഴ

ആലപ്പുഴ ഹരിപ്പാട് കെ എസ് ആർ ടി സി ബസ്സും കാറും കൂട്ടിയിടിച്ച് വീട്ടമ്മ മരിച്ചു. രാവിലെ ദേശീയപാതയിൽ ഹരിപ്പാട് കരുവാറ്റയിലാണ് അപകടം. ഹരിപ്പാട് നിന്ന് ആലപ്പുഴ ഭാഗത്തേക്ക് പുറപ്പെട്ട ബസ് ആണ് അപകടത്തിൽപ്പെട്ടത്. കാറിൽ ഉണ്ടായിരുന്ന പൂന്തോപ്പ്

PNU TVPM

സ്വദേശി സരസ്വതി അമ്മയാണ് മരിച്ചത്. മത്സ്യം കയറ്റിവന്ന പിക്കപ്പ് വാനിലും ബസ് ഇടിച്ചു.

&&&&&&&&&&&&&&&&&&

**അപകടങ്ങൾ -ആലപ്പുഴ-ഇൻട്രോ**

ആലപ്പുഴയിൽ തുറവൂർ മുതൽ അരൂർ വരെ ദേശീയപാതയിൽ അപകടങ്ങൾ തുടർക്കഥയാകുന്നു .

*കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ*

*(വോയിസ്)*

RNU TVPM

&&&&&&&&&&&&&&&&&&

**പ്രതിഷേധം -വയനാട്**

ദുരന്തബാധിതരുടെ ആനുകൂല്യങ്ങൾ കൃത്യമായി വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർ വൈത്തിരി താലൂക്ക് ഓഫീസിനുമുന്നിൽ പ്രതിഷേധിച്ചു. ജനകീയ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സമരം.

&&&&&&&&&&&&&&&&&&

**+2 പരീക്ഷാഫലം**

രണ്ടാം വർഷ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാഫലം ഈ മാസം 22ന് പ്രഖ്യാപിക്കും. നാലു ലക്ഷത്തി നാൽപത്തി നാലായിരത്തി എഴുന്നൂറ്റി

ഏഴ് വിദ്യാർത്ഥികളാണ് രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തത്.

&&&&&&&&&&&&&&&&&&

**റോബോട്ടിക്സ്-ഇൻട്രോ**

രാജ്യത്താദ്യമായി കേരളത്തിൽ പത്താം ക്ലാസിൽ കുട്ടികൾ ഇനി റോബോട്ടിക്സ് പഠിക്കും. പത്താം ക്ലാസിലെ 4.3 ലക്ഷം കുട്ടികൾക്ക് റോബോട്ടിക്സ് സാങ്കേതികവിദ്യ പഠിക്കാൻ പുതിയ അധ്യയന വർഷത്തിൽ അവസരം ലഭിക്കും.

***തിരുവനന്തപുരത്തു നിന്നും ആകാശവാണി പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്.***

***(ഹോൾഡ്.......)***

RNU TVPM

&&&&&&&&&&&&&&&&&&

**മലപ്പുറം- കടുവ**

മലപ്പുറത്ത് ടാപ്പിങ് തൊഴിലാളിയെ കൊന്നത് 12 വയസ്സുള്ള ആൺകടുവയെന്ന് നിഗമനം. വനം വകുപ്പ് സ്ഥാപിച്ച കാമറയിൽ പതിഞ്ഞ ദൃശ്യത്തിൻറെ അടിസ്ഥാനത്തിലാണ് സ്ഥിരീകരണം. കടുവയെ പിടികൂടാനുള്ള വനം വകുപ്പിൻറെ ശ്രമം തുടരുകയാണ്.

&&&&&&&&&&&&&&&&&&

**മലപ്പുറം- പുലി**

മലപ്പുറം വണ്ടൂർ വാണിയമ്പലം മാടശ്ശേരി ഭാഗങ്ങളിൽ പുലിയെ കണ്ടതായി അഭ്യൂഹം. നാട്ടുകാരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ മാടശ്ശേരി ഭാഗങ്ങളിൽ പുലിയുടേതെന്ന് സംശയിക്കുന്ന കാൽപ്പാടുകൾ കണ്ടെത്തി.

&&&&&&&&&&&&&&&&&&

**മുതലപ്പൊഴി**

തിരുവനന്തപുരം മുതലപ്പൊഴിയിൽ പ്രദേശവാസികളുടെ സംഘർഷത്തെത്തുടർന്ന് നിർത്തി വച്ചിരുന്ന ഡ്രഡ്ജിങ് പുനരാരംഭിച്ചു. കണ്ണൂരിൽ നിന്നെത്തിച്ച ഡ്രഡ്ജറിനോടൊപ്പം രണ്ട് എസ്കവേറ്ററുകളും പ്രവർത്തിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

**ഖേലോ ഇന്ത്യ**

ഖേലോ ഇന്ത്യ ബീച്ച് ഗെയിംസിന്റെ ഉദ്ഘാടന പതിപ്പ് ഇന്ന് ദിയുവിലെ ഗോഗ്ല ബീച്ചിൽ ആരംഭിക്കും. രാജ്യത്തുടനീളമുള്ള 1000-ത്തിലധികം അത്‌ലറ്റുകൾ മത്സരിക്കും.ബീച്ച് സോക്കർ, ബീച്ച് വോളിബോൾ, ബീച്ച് കബഡി, ഓപ്പൺ വാട്ടർ നീന്തൽ തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ .

&&&&&&&&&&&&&&&&&&

**ഐപിഎൽ**

PNU TVPM

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രാത്രി 7:30 ന് ലഖ്നൗ സൂപ്പർ ജയന്റ്സും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും. ലഖ്നൗവിലാണ് മത്സരം. ഗുജറാത്തും ബെംഗളൂരുവും പഞ്ചാബ് കിങ്സും ഇതിനകം പ്ലേ ഓഫിൽ കടന്നിട്ടുണ്ട് .

&&&&&&&&&&&&&&&&&&

**കാലാവസ്ഥ**

കേരള , കർണാടക, കൊങ്കൺ, ഗോവ, ഇന്ത്യൻ ഉപദ്വീപിനോട് ചേർന്നുള്ള ഇടങ്ങളിൽ അടുത്ത അഞ്ചു ദിവസം അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ആലപ്പുഴ മുതൽ മലപ്പുറം വരെ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ അതിശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും നിർദേശം.

&&&&&&&&&&&&&&&&&&

**ജാമ്യം**

തിരുവനന്തപുരം വഞ്ചിയൂരിൽ യുവ അഭിഭാഷകയെ മർദ്ദിച്ച കേസിൽ പ്രതിയായ അഭിഭാഷകൻ ബെയ് ലിൻ ദാസിന് ജാമ്യം. ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ഉപാധികളോട് ജാമ്യം അനുവദിച്ചത്.

&&&&&&&&&&&&&&&&&&

RNUTVPM

## ഹജ്ജ്

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂരിൽ നിന്നും ഹജ്ജ് യാത്രയ്ക്കായി നാളെ രണ്ട് വിമാനങ്ങൾ സർവീസ് നടത്തും. മറ്റന്നാൾ മൂന്നു സർവ്വീസുണ്ട്.

&&&&&&&&&&&&&&&&&&

## ശബരിമല

ഇടവമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10ന് അടയ്ക്കും. ഇന്ന് വൈകിട്ട് ആറു വരെ എത്തുന്ന തീർഥാടകരെ പമ്പ യിൽ നിന്നു സന്നിധാനത്തേക്ക് പോകാൻ അനുവദിക്കുകയുള്ളൂ.

RNU TVPM

&&&&&&&&&&&&&&&&&&

## വാട്ട്സ്ആപ്പ് പരാതി

മാലിന്യങ്ങൾ വലിച്ചെറിയുന്നവരെ പിടികൂടുന്നതിനായി ആരംഭിച്ച വാട്സാപ്പ് സംവിധാനത്തിലൂടെ ലഭിച്ച പരാതികളിൻമേൽ വിവിധ തദ്ദേശസ്ഥാപനങ്ങൾ 30.67 ലക്ഷം രൂപ പിഴചുമത്തി. ഈ മാസം 17 വരെയുള്ള കണക്കാണിത്. പരാതികൾ 94 46 70 08 00 എന്ന വാട്സ്ആപ്പ് നമ്പറിലാണ് നൽകേണ്ടത്.

&&&&&&&&&&&&&&&&&&

## ഓഹരി+ സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 118 പോയിൻറ് നഷ്ടത്തിൽ

82,213-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 30 പോയിൻറ് നഷ്ടത്തിൽ 24,990-ലും വ്യാപാരം തുടരുന്നു.

സ്വർണവിലയിൽ വർദ്ധന. പവന് 280 രൂപ വർദ്ധിച്ച് 70,040 രൂപയും ഗ്രാമിന് 35 രൂപ വർദ്ധിച്ച് 8,755 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**പി.രാജീവ്**

BPCL-മായി സഹകരിച്ച് കൊച്ചി മെട്രോ കളമശ്ശേരി മെട്രോ സ്റ്റേഷനു സമീപം ആരംഭിക്കുന്ന ഫ്യൂവൽ സ്റ്റേഷൻ മന്ത്രി പി രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും. 27,000 ചതുരശ്ര അടി വിസ്തീർണത്തിൽ സജ്ജീകരിച്ച ഫ്യുവൽ സ്റ്റേഷനിൽ ഒരേസമയം 25 വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കാനുള്ള സൗകര്യമുണ്ടാകും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&

RNU TVPM